# പതിനാലാം കേരള നിയമസഭ
## പത്തൊൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം. 2836

13/03/2020- ൽ
മറുപടിയ്ക്ക്

## നിലമ്പൂർ താലൂക്കിലെ സർക്കാർ ഭൂമി

| ചോദ്യം<br>ശ്രീ.പി.വി. അൻവർ | മറുപടി<br>ശ്രീ.ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
|---|---|
| (എ) നിലമ്പൂർ താലൂക്കിൽ സർക്കാർ ഭൂമിയോ, സർക്കാരിൽ നിക്ഷിപ്തമാകേണ്ടിയിരുന്ന ഭൂമിയോ ഏതെങ്കിലും വ്യക്തികൾക്കോ കമ്പനികൾക്കോ സ്ഥാപനങ്ങൾക്കോ പാട്ടത്തിന് നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം ഭൂമി, ആർക്കെല്ലാം പാട്ടത്തിന് നൽകിയെന്നും, ആയതിന്റെ വിസ്തൃതി, നൽകിയ തീയതി, പാട്ടവ്യവസ്ഥ, പാട്ടകാലാവധി തുടങ്ങിയവ വിശദമാക്കാമോ; | എ) i) കാളികാവ് വില്ലേജിൽ 0.1254 ഹെക്ടർ ഭൂമി കാർഗിൽ രക്തസാക്ഷി അബ്ദുൾ നാസറിന്റെ അവകാശികൾക്ക് പെട്രോൾ പമ്പ് തുടങ്ങുന്നതിനായി ഇൻഡ്യൻ ഓയിൽ കോർപ്പറേഷന് 21.08.2001 മുതൽ 2017-18 വരെ കാലയളവിൽ ഓരോ മൂന്ന് വർഷം കൂടുന്തോറും നിലവിലുള്ള കമ്പോളവിലയുടെ അടിസ്ഥാനത്തിൽ പാട്ടം പുതുക്കേണ്ടതാണെന്ന വ്യവസ്ഥയിൽ കാലാകാലങ്ങളിൽ നിലവിലുള്ള നിരക്കുകളുടെ അടിസ്ഥാനത്തിൽ പാട്ടം അനുവദിച്ച് ഉത്തരവായിട്ടുണ്ട്.<br>ii) കാളികാവ് വില്ലേജിൽ 0.1518 ഹെക്ടർ ഭൂമി കാളികാവ് ബ്ലോക്ക് ഓഫീസ് നിർമ്മിക്കുന്നതിന് 31/10/2014 മുതൽ ആർ ഒന്നിന് 100 രൂപ വാർഷിക പാട്ടനിരക്കിൽ നിലവിലുള്ള പാട്ടവ്യവസ്ഥകൾക്ക് വിധേയമായി 30 വർഷത്തേയ്ക്ക് പാട്ടത്തിന് നൽകിയിട്ടുണ്ട്.<br>iii) വണ്ടൂർ വില്ലേജിൽ 2.0235 ഹെക്ടർ ഭൂമി ഇന്ദിരാജി മെമ്മോറിയൽ സൊസൈറ്റിയ്ക്ക് കോളേജ് തുടങ്ങുന്നതിന് |

| | |
|---|---|
| | 10.02.2015 മുതൽ 30 വർഷത്തേയ്ക്ക് ഏക്കർ ഒന്നിന് 1000 രൂപ വാർഷിക പാട്ടനിരക്കിൽ നിലവിലെ പാട്ടവ്യവസ്ഥകൾക്ക് വിധേയമായി പാട്ടത്തിന് നൽകിയിട്ടുണ്ട്. |
| (ബി) ചുങ്കത്തറ, എടക്കര വില്ലേജുകളിലായി സ്ഥിതി ചെയ്യുന്ന നിലമ്പൂർ റബ്ബർ കമ്പനിയുടെ ഉടമസ്ഥതയിലുള്ള പാലുണ്ട എസ്റ്റേറ്റിന്റെ സർവ്വേ നമ്പറും, വിസ്തീർണ്ണവും എത്രയെന്ന് വിശദമാക്കാമോ; | (ബി) ചുങ്കത്തറ വില്ലേജിൽ ബ്ലോക്ക് 95-ൽ സർവ്വെ നമ്പർ 342/1-ൽ 47.5875 ഹെക്ടറും സർവ്വെ നമ്പർ 342/4-ൽ 7.5500 ഹെക്ടറും എടക്കര വില്ലേജിൽ സർവ്വെ നമ്പർ 929/2 - 199-ൽ 55.8900 ഹെക്ടറും പാലുണ്ട എസ്റ്റേറ്റ് നിലമ്പൂർ റബ്ബർ കമ്പനി കൈവശം വച്ച് വരുന്നുണ്ട്. |
| (സി) പാലുണ്ട എസ്റ്റേറ്റിന്റെ ഉടമസ്ഥാവകാശം തെളിയിക്കുന്ന ചുങ്കത്തറ, എടക്കര വില്ലേജുകളിൽ ഉള്ള കരാറുകളുടെയും ആധാരങ്ങളുടെയും മറ്റു അനുബന്ധ രേഖകളുടെയും പകർപ്പുകൾ ലഭ്യമാക്കാമോ; | സി) ലഭ്യമല്ല |
| (ഡി) പാലുണ്ട എസ്റ്റേറ്റ് ഭൂമിയിൽ നിന്ന് സർക്കാരോ, വനംവകുപ്പോ സ്ഥലം നിയമപ്രകാരം കൈവശപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ എടക്കര, ചുങ്കത്തറ വില്ലേജുകളിലുള്ള രേഖകളുടെ പകർപ്പ് ലഭ്യമാക്കാമോ? | (ഡി) പാലുണ്ട എസ്റ്റേറ്റ് ഭൂമിയിൽ നിന്നും സർക്കാരോ വനം വകുപ്പോ സ്ഥലം നിയമ പ്രകാരം കൈവശപ്പെടുത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ